## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1086** **14.01.2021 ൽ മറുപടിയ്ക്ക്**

## ലോക്ഡൗൺ കാലത്തെ മദ്യ ഉപഭോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യവർജ്ജനം ഒരു നയമായി ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാനായി എന്ന് വെളിപ്പെടുത്തുമോ.; | (എ) | മദ്യവർജ്ജനം ഒരു നയമായി ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജമദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം, ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ട് വരുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.<br>മദ്യത്തോടും മയക്ക് മരുന്നുകളോടുമുള്ള ആസക്തി കുറയ്ക്കുന്നതിനും, മദ്യത്തിനും മയക്ക് മരുന്നുകൾക്കും അടിമപ്പെട്ടവരുടെ ക്ഷേമവും മുൻ നിർത്തി സർക്കാർ 'വിമുക്തി' എന്ന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ഊർജ്ജിതമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ എന്നീ പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെയും, ജനങ്ങളുടെയും സഹകരണത്തോടെ നടത്തിവരുന്നു. |
| (ബി) | ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപർ ഉൾപ്പെടെ മദ്യം വർജ്ജിക്കുവാൻ തയ്യാറായി എന്ന കാര്യം സർക്കാർ | (ബി) | ലോക്ഡൗൺ കാലത്ത് മദ്യലഭ്യത വിരളമായപ്പോൾ സ്ഥിരം മദ്യപർ താത്ക്കാലികമായി മദ്യം ഉപയോഗിക്കാതിരുന്നെങ്കിലും തുടർന്ന് അവർ വ്യാജമദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിലേക്ക് പോയതായാണ് ടി കാലഘട്ട |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | ത്തിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മനസ്സിലായിട്ടുള്ളത്. |
| (സി) | ഇക്കാലത്ത് ഡ്രോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങളോടെയുള്ള പരിശോധന കർശനമായിരുന്നത് കൊണ്ട് വ്യാജമദ്യവും മയക്കുമരുന്നുകളും ദുർലഭമായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | ഡ്രോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പരിശോധന വ്യാജമദ്യ സങ്കേതങ്ങൾ കണ്ടെത്തുവാനും അതുവഴി കേസുകൾ കണ്ടെടുക്കുവാനും സഹായകരമായിട്ടുണ്ട്. |
| (ഡി) | ലോക്ഡൗൺ കാലത്തെ വ്യാജമദ്യ-മയക്കുമരുന്ന് കേസുകളുടെ എണ്ണവും നിയന്ത്രണം നീക്കിയശേഷമുള്ള എണ്ണവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ രണ്ട് കണക്കുകളും വ്യക്തമാക്കുമോ? | (ഡി) | താരതമ്യം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ